4620
25/4/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം – വനം വകുപ്പിൽ ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിൽ 18 വർഷമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി.എസ്.സിന്ധുവിനെ ക്ലറിക്കൽ തസ്തികയിൽ സ്ഥിരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(എം.എസ്.) നം. 25/2015/വനം തീയതി, തിരുവനന്തപുരം, 17.04.2015

---

പരാമർശം: 1) ബഹു.കേരളാ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി 2013 മുഖാന്തിരം പത്തനാപുരം താലൂക്കിൽ തെൻമല വില്ലേജിൽ കുന്നിൽ വീട്ടിൽ പരേതനായ സുരേന്ദ്രൻ മകൾ സിന്ധു സമർപ്പിച്ച നിവേദനം.

2) ഭരണ വിഭാഗം മുഖ്യവനപാലകന്റെ 27/8/2014-ലെ ഇ 6-29567/14 നമ്പർ കത്ത്.

3) കൊല്ലം ജില്ലാ കളക്ടറുടെ ജെ1.33631/13 തീയതി, 19.06.2014 -ലെ കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിൽ 1996 മുതൽ 18 വർഷമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി.സിന്ധുവിനെ ഭർത്താവുപേക്ഷിച്ചു ഏകദേശം 7 വർഷം കഴിഞ്ഞുവെന്നും നേത്രരോഗം ബാധിച്ച 7 വയസ്സുള്ള മകനും രോഗിയും വൃദ്ധയും വിധവയുമായ മാതാവും ടിയാളുടെ മാത്രം സംരക്ഷണയിലാണെന്നും, മാതാവിന്റെയും മകന്റെയും ചികിത്സയും സാമ്പത്തിക ബാധ്യതയും കാരണം വളരെ പരിതാപകരമായ അവസ്ഥയിലാണെന്നും അതിനാൽ പ്രീ-ഡിഗ്രി, എം.എസ്. ഓഫീസ്, ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ഹയർ, വേർഡ് പ്രോസസ്സിംഗ് എന്നിവ പാസ്സായിട്ടുള്ള ടിയാളെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നും പരാമർശം ഒന്നു പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2) ശെന്തരുണി വെൽഡ് ലൈഫ് ഡിവിഷനിൽ 1996 മുതൽ 2001 വരെയുള്ള കാലയളവിൽ മിനിസ്റ്റീരിയൽ വിഭാഗം സ്ഥിരം ജീവനക്കാരെ ആരെയും നിയമിച്ചിരുന്നില്ല എന്നും കഴിഞ്ഞ 18 വർഷമായി ശെന്തുരുണി വൈൽഡ് ലൈഫ്

ഡിവിഷനിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.എസ്.സിന്ധു 01/11/1996 മുതൽ 11/1997 വരെ ഓഫീസ് ക്ലാർക്കായും 12/97 മുതൽ 3/2001 വരെ ക്ലാർക്കം കം വയർലസ് ഓപ്പറേറ്ററായും 4/2001 മുതൽ 3/2004 വരെ ഓഫീസ് അസിസ്റ്റന്റ് കം വയർലസ് ഓപ്പറേറ്ററായും തുടർന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം വയർലസ് ഓപ്പറേറ്ററായും 18 വർഷമായി ദിവസവേതനത്തിൽ ജോലി ചെയ്തുവരികയാണെന്നും ഭർത്താവ് ഉപേക്ഷിച്ച ശ്രീമതി.സിന്ധുവിന്റെ മാത്രം സംരക്ഷണയിലാണ് നേത്രരോഗം ബാധിച്ച 7 വയസ്സുള്ള മകനും രോഗിയും വൃദ്ധയും വിധവയുമായ മാതാവും കഴിയുന്നതെന്നും ടി ഡിവിഷന്റെ ദൈനം ദിന പ്രവർത്തനങ്ങളിൽ ടിയാളുടെ സേവനം വളരെയധികം പ്രയോജനപ്പെടുന്നുണ്ടെന്നും ആകയാൽ ക്ലറിക്കൽ, ടൈപ്പിംഗ്, അക്കൗണ്ട്സ് സംബന്ധമായ ഓഫീസ് ജോലികളിൽ 18 വർഷത്തെ സേവനപരിചയവും, ആത്മാർത്ഥതയുമുള്ള ശ്രീമതി സിന്ധുവിനെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിന് വളരെയേറെ പ്രയോജന പ്രദമായിരിക്കും എന്നും ശ്രീമതി.സിന്ധുവിന്റെയും കുടുംബത്തിന്റെയും ദയനീയ ജീവിത സാഹചര്യം കണക്കിലെടുത്ത് 18 വർഷമായി താത്ക്കാലിക ജോലി ചെയ്തുവരുന്ന കാര്യം പരിഗണിച്ചും ചട്ടങ്ങളിൽ ഇളവുനൽകി ഒരു പ്രത്യേക കേസായി കണക്കാക്കിയും ടിയാൾക്ക് സ്ഥിര നിയമനം നൽകണമെന്ന അപേക്ഷ പരിഗണിക്കണമെന്ന് പരാമർശം 2 പ്രകാരം ഭരണവിഭാഗം മുഖ്യവനപാലകൻ ശുപാർശ ചെയ്യുകയുണ്ടായി. പരാമർശം(3)-ലെ കത്തു പ്രകാരം കൊല്ലം ജില്ലാ കളക്ടറും ശ്രീമതി.എസ്.സിന്ധുവിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 18 വർഷമായി ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് ക്ലാർക്ക്/ക്ലാർക്ക് കം വയർലസ് ഓപ്പറേറ്റർ/ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ വനം വകുപ്പിന്റെ ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിൽ ജോലി ചെയ്യുന്ന

ശ്രീമതി.എസ്.സിന്ധുവിനെ ടിയാളുടെ ദയനീയ ജീവിത സാഹചര്യം കണക്കിലെടുത്ത് കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 39 -ലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ഈ ഉത്തരവ് തീയതിമുതൽ പ്രാബല്യത്തിൽ വനം വകുപ്പിൽ ക്ലറിക്കൽ തസ്തികയിൽ (ലോവർ ഡിവിഷൻ ക്ലാർക്ക്) സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.മാരപാണ്ഡ്യൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീമതി.സിന്ധു.എസ്. കൃഷ്ണഭവൻ, ഇ.എസ്.എം. കോളനി, കുളത്തൂപ്പുഴ പി.ഒ.
(By Registered post)
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 6581)
ധനകാര്യ വകുപ്പ് (15.12.2014-ലെ അനൗദ്യോഗികകുറിപ്പ്നം. 97848/AWA2/14/Fin)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (27.10.2014-ലെ അനൗദ്യോഗികകുറിപ്പ്
നം. 22364/എ 3/14/ഉ.ഭ.പ.വ.)
ന്യൂ & വെബ് മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം ,

സെക്ഷൻ ഓഫീസർ.